**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **18-09-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിലുള്ളപ്പോൾ ഈ സർക്കാരിന്റെ കാലത്ത് സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥാപിച്ചതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കായിക അടിസ്ഥാന സൗകര്യ വികസനപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ നിലവിലില്ലാത്ത സാഹചര്യത്തിൽ കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കായിക ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട മേഖലയിലെ അറിവും പ്രവൃത്തി പരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയും അവിടുത്തെ സ്റ്റാഫിനെയും പുനർവിന്യസിച്ചുകൊണ്ട് 26.02.2021 ലെ സ.ഉ.(കൈ) നം. 6/2021/കായുവ പ്രകാരമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചത്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിംഗ് വിഭാഗവും, ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങളല്ല സ്പോർട്സ് കേരള ഫൗണ്ടേഷൻ നടപ്പിലാക്കി വരുന്നത്. |
| (ബി) | എന്തൊക്കെ ചുമതലകളാണ് പ്രസ്തുത സ്ഥാപനം നിറവേറ്റുന്നതെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വിവിധ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിവരങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കാമോ; | (ബി) | കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ യൂണിവേഴ്സിറ്റികളുടെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, ഖേലോ ഇന്ത്യ പദ്ധതികൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം, സ്പോർട്സ് ലൈഫ് |

| | | | |
|---|---|---|---|
| | | | ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നത്. കിഫ്ബി ധനസഹായത്തോടുകൂടി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി-യായും സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ട്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ വീതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. അതിൽ നാളിതുവരെ ആകെ Rs.1,51,86,709/- രൂപ ചെലവഴിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ, കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന സെന്റേജ് ചാർജിൽ നിന്നാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ജീവനക്കാരുടെ ശമ്പളവും മറ്റ് ദൈനംദിന ചെലവുകൾക്കുമുള്ള തുക കണ്ടെത്തുന്നത്. |
| (സി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ നിറവേറ്റുന്ന ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന ഉത്തരവാദിത്തങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>1)സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകുക.<br><br>2) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/മേഖല മൽസരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മൽസരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കുക.<br><br>3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന ജില്ലാതല സെലക്ഷൻ നടത്തുകയും അതിൽ നിന്നും തിരഞ്ഞെടുക്കുന്ന കായികതാരങ്ങളെ സോണൽ സെലക്ഷനിൽ പങ്കെടുപ്പിച്ച് ആയതിൽ നിന്നും മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുക.<br><br>4) കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കായിക ഇനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, സ്പോർട്സ് ട്രെയിനിംഗ് |

| | | | | |
|---|---|---|---|---|
| | | | | സെന്ററുകൾ എന്നിവയ്ക്ക് പരിശീലനത്തിന് ആവശ്യമായ തുകകൾ നൽകുക.<br><br>5) അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി പ്രകാരം അവശ കായികതാര പെൻഷൻ/ഫാമിലി പെൻഷൻ നൽകുക.<br><br>6) ദേശീയ മത്സരത്തിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സംസ്ഥാന കായികതാരങ്ങൾക്ക് (സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക്) ക്യാഷ് അവാർഡ് നൽകുക.<br><br>7) സംസ്ഥാന സർക്കാർ വർഷം തോറും നടപ്പിലാക്കുന്ന സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള അർഹരായ കായികതാരങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് നൽകുക.<br><br>8) ജി.വി.രാജ അവാർഡിന് പുറമെ ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകൻ, മികച്ച കായികാദ്ധ്യാപകൻ (സ്കൂൾ, കോളേജ് തലം), മികച്ച കായിക നേട്ടം കൈവരിച്ച കോളേജ്/സ്കൂൾ, മികച്ച സ്പോർട്സ് ഹോസ്റ്റൽ/സ്കൂൾ/ കോളേജ്, മാധ്യമ അവാർഡുകൾ എന്നിവ നൽകുക.<br><br>9) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ ഇടം നേടാൻ സാധ്യതയുള്ള കായികതാരങ്ങളുടെ സർട്ടിഫിക്കറ്റുകൾ (കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ പി.എസ്.സി.-യിൽ നിന്നും ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അർഹതയുള്ളവ) കൗൺസിലിൽ നിന്നും കൗണ്ടർ സൈൻ ചെയ്ത് നൽകുക.<br><br>10) 2000 -ലെ കേരള സ്പോർട്സ് ആക്ടിൽ പറഞ്ഞതിൻ പ്രകാരം മറ്റ് ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുക. |

സെക്ഷൻ ഓഫീസർ